**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **14-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ റേഡിയോഗ്രാഫർ തസ്തിക സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന 230 സർക്കാർ ആശുപത്രികൾ ഉണ്ട് . |
| (ബി) | റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികളിൽ എ.ഇ.ആർ.ബി. ലൈസൻസ് ആരുടെ പേരിലാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | റേഡിയോഗ്രാഫർ ഇല്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികളിൽ എ.ഇ.ആർ.ബി ലൈസൻസ് സൂപ്രണ്ട്/മെഡിക്കൽ ഓഫീസറുടെ പേരിലാണ് എടുത്തിരിക്കുന്നത്. |
| (സി) | സർക്കാർ ആശുപത്രികളിൽ റേഡിയോഗ്രാഫർ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ആരോഗ്യ വകുപ്പിൽ താലൂക്ക് ആശുപത്രികൾ മുതൽ മുകളിലേക്കുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ റേഡിയോഗ്രാഫർ ഗ്രേഡ്-2 തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ഡി) | സ്തനാർബുദം നേരത്തെ കണ്ടുപിടിക്കുന്ന പദ്ധതിയോടനുബന്ധിച്ച് സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ച മാമ്മോഗ്രാം യൂണിറ്റുകളിൽ നാളിതുവരെ എത്ര മാമ്മോഗ്രാം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | നാളിതുവരെ 25139 മാമാഗ്രോം ചെയ്തിട്ടുണ്ട്. |
| (ഇ) | സർക്കാർ ആശുപത്രികളിലെ മാമ്മോഗ്രാം ടെസ്റ്റ് വഴി എത്ര സ്തനാർബുദ രോഗികളെ കണ്ടെത്തിയെന്നും, പ്രസ്തുത രോഗികളെ ഉയർന്ന ആശുപത്രികളിലേക്ക് റഫർ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഇ) | മാമോഗ്രാം ടെസ്റ്റ് വഴി 6722 രോഗികളെ കണ്ടെത്തിയിരുന്നു. കണ്ടെത്തുന്ന ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളും രോഗിയുടെ അവസ്ഥയും അനുസരിച്ച് അതാത് സ്ഥാപനങ്ങളിൽ ചികിത്സ നൽകുകയോ വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ ഉയർന്ന ആശുപത്രികളിലേക്ക് റഫർ ചെയ്യുകയോ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ